# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *167 — 07/03/2017-ൽ മറുപടിക്ക്

### സ്റ്റെന്റുകളുടെ വില നിയന്ത്രണം

**ചോദ്യം**

ശ്രീ. ടി.എ. അഹമ്മദ് കബീർ
,, വി.കെ. ഇബ്രാഹിം കുഞ്ഞ്
,, കെ.എം. ഷാജി

**മറുപടി**

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) ഹൃദയ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന സ്റ്റെന്റുകളുടെ വിലയിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയന്ത്രണം, സംസ്ഥാനത്തിന്റെ ചികിത്സാ-മേഖലയിൽ ഉണ്ടാക്കുന്ന ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

എ) ഉണ്ട്.

ഹൃദ്രോഗ ചികിത്സാരംഗത്ത് ചെലവേറിയ ഒന്നാണ് സ്റ്റെന്റുകളുപയോഗിച്ചുള്ള ചികിത്സാ-രീതി. സ്റ്റെന്റുകളുടെ വ്യാപാര വിതരണ രീതികളിൽ നില നിന്നിരുന്ന വില നിർണ്ണയ രീതിയും അമിത ലാഭം ഈടാക്കലും നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലേയ്ക്കായി പ്രസ്തുത ഉല്പന്നങ്ങളെ ദേശീയ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടുത്തുകയും, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013-ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി പൊതു-ജനാരോഗ്യ താത്പര്യാർത്ഥം, ദേശീയ ഔഷധ വില നിയന്ത്രണ സമിതി 13/02/2017-ൽ സ്റ്റെന്റുകൾക്ക് അടിസ്ഥാന വില നിശ്ചയിച്ചുറപ്പിച്ചു കൊണ്ടുള്ള അസാധാരണ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഹൃദയധമനികളിലെ തടസ്സം ഒഴിവാക്കുന്ന-തിനായി മരുന്നുകളോടു കൂടിയതും അല്ലാത്തതുമായ രണ്ടുതരം സ്റ്റെന്റുകളാ-ണുള്ളത്.

30,000 മുതൽ 75,000 വരെ നിലവിൽ ഈടാക്കിയിരുന്ന മരുന്നുകളില്ലാത്ത ബെയർ മെറ്റൽ സ്റ്റെന്റുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) 7260 രൂപയും, 1,98000 രൂപ വരെ ഈടാക്കിയിരുന്ന മരുന്നുകളോടുകൂടിയ മെറ്റൽ സ്റ്റെന്റുകൾ, ബയോ റീസോർബബിൾ വാസ്കുലാർ സ്കാഫോൾഡ്, ബയോ ഡീഗ്രേഡബിൾ സ്റ്റെന്റ് എന്നിവയുടെ അടിസ്ഥാന വില 29600 രൂപയായും നിജപ്പെടുത്തിയതോടുകൂടി അൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ ചെലവിൽ ഗണ്യമായ

കുറവുണ്ടാകുന്നതാണ്. തദ്ദേശീയമായി നിർമ്മിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ എല്ലാ സ്റ്റെന്റ് ഉല്പ്പന്നങ്ങൾക്കും വില നിയന്ത്രണം ബാധകമാണ്. കൂടാതെ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള അടിസ്ഥാന വിലയേക്കാളും കുറഞ്ഞ നിരക്കിൽ നിലവിൽ വിപണനം ചെയ്യുന്ന എല്ലാ നിർമ്മാതാക്കളും വിതരണക്കാരും ടി കുറഞ്ഞ നിരക്കിൽതന്നെ വിപണനം ചെയ്യേണ്ടതാണ്. നിലവിൽ കൂടിയ നിരക്കിൽ സ്റ്റെന്റുകൾ വിപണനം ചെയ്യുന്നവർ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയിലേക്ക് കുറയ്ക്കേണ്ടതാണ്.

**ബി)** വിലയിൽ കുറവ് വന്നതുമൂലം ലാഭത്തിലുണ്ടായ കുറവ് നികത്താനായി മറ്റ് ശസ്ത്രക്രിയ ചാർജ്ജുകളിൽ വർദ്ധന വരുത്താൻ ആശുപത്രികളുടെ ഭാഗത്തുനിന്നും നീക്കം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മറ്റ് ഔഷധങ്ങളെപ്പോലെ കൃത്യമായ വിതരണ - വ്യാപാര രീതികൾ സ്റ്റെന്റുകളുടെ കാര്യത്തിലില്ല. നിർമ്മാതാക്കളോ, വിതരണക്കാരോ അശുപത്രികൾക്ക് ഇവ നേരിട്ട് എത്തിക്കുന്നതാണ് രീതി. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള അടിസ്ഥാന വിലയ്ക്ക് പുറമെ വാറ്റ് അടക്കമുള്ള പ്രാദേശിക നികുതി (5%) കൂടി ഉൾപ്പെടുത്തി നിർമ്മാതാക്കൾക്ക് ടി ഉൽപ്പന്നങ്ങളുടെ പരമാവധി ചില്ലറ വിൽപ്പന വില (MRP) നിശ്ചയിക്കാവുന്നതാണ്. ഉയർന്ന വിപണി മൂല്യമുള്ള ടി ഉൽപ്പന്നങ്ങൾക്ക് 8% വിതരണ കമ്മീഷൻ ഉൾപ്പെടുത്തിയാണ് അടിസ്ഥാനവില നിശ്ചയിച്ചിരിക്കുന്നത്. ചികിത്സക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് കൂട്ടി സ്റ്റെന്റിന്റെ വിലക്കുറവ് മൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ ചില ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ ആശുപത്രികളിലെ സമീപകാലത്തെ ആൻജിയോപ്ലാസ്റ്റി ഉൾപ്പടെയുള്ള ഹൃദ്രോഗ ചികിത്സാ നിരക്കുകൾ കൂടി പരിശോധിക്കുവാനും ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സ്റ്റെന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/ നഴ്സിംഗ് ഹോമുകൾ/ ക്ലിനിക്കുകൾ എന്നിവർ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്താനും

നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്താൻ തയ്യാറാവുമോ? | സി) | കൊറോണറി സ്റ്റെന്റിന്റെ വിലനിയന്ത്രണം പ്രാബല്യത്തിൽ വന്നുകഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത ഉൽപ്പന്നങ്ങളുടെ സുഗമമായ വിതരണ-ഉപഭോഗം ഉറപ്പുവരുത്തുന്നതിനും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പ്രസ്തുത ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവ ജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം നടപടി എടുക്കുന്നതാണ്. കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതാണ്. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (www.nppaindia.in) ഫാർമജൻ സമാധാൻ എന്ന ലിങ്കിൽ സ്റ്റെന്റുകളുടെ വിലനിയന്ത്രണം സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**